ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്
കേരള സർക്കാർ
ബിൽഡിംഗ് നമ്പർ – 32, ശാന്തി നഗർ, തിരുവനന്തപുരം – 695001
ഫോൺ – 0471 2339266/2331080 ഇ – മെയിൽ: mail.inpa@gmail.com
Website: www.ipaffairs.org

03/08/2023

**സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നിന്നും ദേശീയ സെമിനാറുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.**

പാർലമെന്ററികാര്യ വകുപ്പിന് കീഴിലെ സ്വയംഭരണ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്, 2023–24 അക്കാദമിക വർഷം ദേശീയ സെമിനാറുകൾ സംഘടിപ്പിക്കുന്നതിന് വേണ്ടി കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു.

**പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ**

1. സെമിനാർ നടത്തുന്നതിനായി താഴെപ്പറയുന്ന ഏതെങ്കിലും ഒരു മേഖല തെരഞ്ഞെടുക്കാവുന്നതാണ്.
   - *ജനാധിപത്യം, ഭരണഘടന, സാമൂഹ്യ നീതി.*
   - *ജനാധിപത്യ സംരക്ഷണം : ഭരണഘടനാ സാക്ഷരതക്കുള്ള പങ്ക്.*
   - *ജനാധിപത്യവും ന്യൂനപക്ഷ സംരക്ഷണവും .*
   - *ജനാധിപത്യ സംരക്ഷണത്തിൽ കോടതികളുടേയും മാധ്യമങ്ങളുടേയും പങ്ക്.*
   - *മനുഷ്യാവകാശങ്ങളും സമകാലീന ഇന്ത്യൻ ജനാധിപത്യവും.*
   - *പാർലമെന്ററി സംവിധാനവും പ്രതിപക്ഷവും.*
   - *പാർലമെന്ററി സംവിധാനവും തെരഞ്ഞെടുപ്പുകളും.*
2. 2023 ഡിസംബർ 31 നകം സെമിനാർ സംഘടിപ്പിക്കേണ്ടതാണ്.
3. ഒരു അധ്യാപകൻ/അധ്യാപികയെ സെമിനാർ കോ–ഓർഡിനേറ്ററായി ചുമതലപ്പെടുത്തേണ്ടതും പ്രസ്തുത കോ–ഓർഡിനേറ്ററുടെ വിശദാംശങ്ങൾ, സെമിനാർ നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതി, സെമിനാറിൽ പങ്കെടുക്കുന്ന അക്കാദമിക വിദഗ്ധരുടെ വിശദാംശങ്ങൾ, സെമിനാർ വിഷയം, പ്രസക്തി എന്നിവ അടങ്ങിയ 4 പേജിൽ കവിയാത്ത പ്രൊപ്പോസൽ **2023 സെപ്റ്റംബർ 5 ന്**

വൈകിട്ട് 5 ന് മുൻപായി സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തി ഹാർഡ് കോപ്പി ഇൻസ്റ്റിറ്റ്യൂട്ടിന് നല്കേണ്ടതാണ്. നിശ്ചിത തീയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

4. അക്കാദമിക കമ്മിറ്റിയുടെ പരിശോധനകൾക്ക് ശേഷം സെമിനാർ സംഘടിപ്പിക്കുവാനായി തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ www.ipaffairs.org എന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
5. 2022-23 അക്കാദമിക വർഷം സെമിനാർ സംഘടിപ്പിക്കുവാൻ അനുമതി ലഭിച്ച ഡിപ്പാർട്ട്മെന്റുകളെ 2023-24 അക്കാദമിക വർഷം സെമിനാർ സംഘടിപ്പിക്കുവാനായി പരിഗണിക്കുന്നതല്ല.
6. സെമിനാറിൽ പങ്കെടുക്കുന്ന വിഷയ വിദഗ്ധരുടെ ലേഖനങ്ങൾ (നിശ്ചിത മാതൃകയിൽ) സ്ഥാപന മേധാവി/സെമിനാർ കോ-ഓർഡിനേറ്റർ അന്തിമ റിപ്പോർട്ടിനൊപ്പം നൽകേണ്ടതാണ്. ലേഖനങ്ങൾ ഉൾപ്പെടുത്തിയുള്ള റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ സ്ഥാപനങ്ങൾക്കുള്ള അന്തിമ ഫണ്ട് അനുവദിക്കുകയുള്ളൂ.
7. ഏകദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 25,000/- രൂപയും ദ്വിദിന സെമിനാറുകൾക്ക് അനുവദിക്കുന്ന പരമാവധി തുക 50,000/- രൂപയും ആയിരിക്കും.
8. അനുമതി ലഭിക്കുന്ന സ്ഥാപനങ്ങൾക്ക്, ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആവശ്യപ്പെടുന്ന പക്ഷം 40 ശതമാനം വരെ സെമിനാർ ഫണ്ട് മുൻകൂറായി നല്കുന്നതാണ്. ബാക്കി തുക അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷം അനുവദിക്കുന്നതാണ്.
9. അനുമതി ലഭിക്കുന്ന സ്ഥാപനങ്ങൾക്കുള്ള വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പിന്നീട് നല്കുന്നതാണ്.

**ഡോ. ബിവീഷ് യു.സി**
ഡയറക്ടർ ജനറൽ

INSTITUTE OF PARLIAMENTARY AFFAIRS
GOVT. OF KERALA
SANTHI NAGAR, TVM-1


വിശദാംശങ്ങൾക്ക്:

ഡോ.റിൻസി മാത്യു (റിസർച്ച് ഫെലൊ)

മൊബൈൽ നമ്പർ 9447554077, 0471-2339266